കേരകൃഷി | പ്രജനനസങ്കേതം

ഡോ. ബീനാ തോമസ്, ഡോ. രാധാകൃഷ്ണൻ എൻ.വി., ഡോ. അന്നമ്മ ജോർ



കുള്ളൻ തെങ്ങുത്പാദനത്തിലെ പ്രധാനഘട്ടം: കൃത്രിമപരാഗണം



# കുള്ളൻ തെങ്ങുകൾ ഉണ്ടാകുന്നത്

വേഗം വളരും, ഉയരം കുറവ് ഇതു രണ്ടുമാണ് കുള്ളൻ തെങ്ങുകളുടെ സവിശേഷത. ഉയരം കൂടിയവയും കുറഞ്ഞവയും തമ്മിൽ സങ്കരണം നടത്തിയാണ് ഇവ ഉത്പാദിപ്പിക്കുന്നത്. ഉയരം കൂടിയത് മാതൃവൃക്ഷമായും കുറിയത് പിതൃവൃക്ഷമായും ഉത്പാദിപ്പിക്കുന്നത് ടി X ഡിയും മറിച്ചുള്ളത് ഡി X ടിയുമാണ്. നട്ട് മൂന്നര-നാലു വർഷത്തിനുള്ളിൽ ഇവ കായ്ച്ചു തുടങ്ങും.

## മാതൃവൃക്ഷം

ഉയർന്നവിളവും രോഗപ്രതിരോധ ശേഷിയുള്ള തെങ്ങുകൾ തെരഞ്ഞെടുക്കണം. നീണ്ട നാളികേരമുള്ളവയാണ് ഉരുണ്ടവയെക്കാൾ നന്ന്. ശരാശരി പരിപാലനത്തിൽ വളർന്ന തെങ്ങുകളേ പരാഗണത്തിനെടുക്കാവൂ. ധാരാളം വെള്ളം കിട്ടുന്ന സ്ഥലത്തുള്ളവ ഒഴിവാക്കണം.

## പിതൃവൃക്ഷം

പൂമ്പൊടി ധാരാളമുള്ള അത്യുത്പാദന ശേഷിയും രോഗപ്രതിരോധ ശക്തിയും ഉള്ള തെങ്ങുകൾ തെരഞ്ഞെടുക്കുന്നു.

## പരാഗണം എങ്ങനെ?

പ്രത്യേക പരിശീലനം ലഭിച്ച തെങ്ങുകയറ്റ തൊഴിലാളികളാണ് പരാഗണ പ്രക്രിയ ചെയ്യുന്നത്. ഡിസംബർ മുതൽ മെയ് വരെയുള്ള ആറു മാസമാണ് സങ്കരണം നടത്തുന്നത്. ഒരു തൊഴിലാളിക്ക് 50 മരം എന്ന തോതിൽ കരാർ നൽകും. നേരത്തെ തെരഞ്ഞെടുത്ത മാതൃവൃക്ഷങ്ങളിൽ, കൂമ്പ് വിടരാൻ തുടങ്ങുന്ന തീയതി പ്രത്യേകം രേഖപ്പെടുത്തും. കൂമ്പു പൊട്ടുന്നതിന്റെ ഏഴാം ദിവസം ആൺപൂക്കൾ പൊഴിച്ചു കളയണം. സ്വയംപരാഗണം പൂർണ്ണമായും ഒഴിവാക്കാൻ വേണ്ടിയാണ് ഈ മുൻകരുതൽ.

വെള്ള കോറത്തുണി ഉപയോഗിച്ച് പൂങ്കുല മുഴുവൻ മൂടി കെട്ടാൻ നാടകളോടുകൂടിയ സഞ്ചിവേണം. പതിനാലാം ദിവസം കൊതുമ്പു മുറിച്ചുമാറ്റിയ ശേഷം ആൺ പൂക്കൾ പൊഴിയിച്ച് പരാഗണത്തിനു തയ്യാറാക്കിയ പൂങ്കുലകളുടെ 'സഞ്ചിയിടൽ' നടത്തും. കാറ്റ്, പ്രാണികൾ എന്നിവ വഴി പരാഗണം നടക്കാതിരിക്കാൻ സഞ്ചി നാട ഉപയോ

ഗിച്ച് കെട്ടിവയ്ക്കണം. സഞ്ചി കെട്ടി ഏഴാം ദിവസം മുതൽ പെൺപൂക്കളായ മച്ചിങ്ങകൾ പരാഗണത്തിന് പാകമാകാൻ തുടങ്ങും. തുടർച്ചയായി മൂന്നോ നാലോ ദിവസം പരാഗണം നടത്തണം. ഓരോ കുലയുടെയും എല്ലാ മച്ചിങ്ങകളിലും പരാഗണം നടത്തണം. കർഷകരുടെ പുരയിടങ്ങളിലെ നല്ല തെങ്ങുകളിൽ നിന്ന് ഇതിനായി പൂമ്പൊടി പോളിത്തീൻ സഞ്ചികളിൽ ശേഖരിച്ചു കൊണ്ടുവരും. മൂന്നു ദിവസം വരെ ആ പൂമ്പൊടി ഉപയോഗിക്കാം. പരാഗണത്തിനു ശേഷം നാലുദിവസം കഴിഞ്ഞ് പൂങ്കുല ലേബൽ ചെയ്ത് സഞ്ചിയഴിച്ചുമാറ്റാം.

പതിനൊന്ന് മാസമാകുമ്പോൾ സങ്കര വിത്തുതേങ്ങകൾ പാകമാകും. അവ പ്രത്യേകം ശേഖരിക്കണം. മണ്ണിളക്കമുള്ള സ്ഥലമാണെങ്കിലും പുതയിട്ടിട്ടുണ്ടെങ്കിലും വിത്തുതേങ്ങകൾ താഴേക്ക് വെട്ടിയിടാവുന്നതാണ്. ഉറപ്പുള്ള തറയാണെങ്കിൽ അവയെ ശ്രദ്ധാപൂർവം കെട്ടിയിറക്കുന്നതാണ് നല്ലത്. സങ്കരയിനം തേങ്ങകളെ മണലിൽ പുതച്ച്, പല തട്ടുകളായി അടുക്കി സൂക്ഷിക്കണം. ഉണങ്ങിയ മണലാണെങ്കിൽ ചെറിയ നനവു നൽകണം. തേങ്ങയ്ക്കുള്ളിലെ വെള്ളം വറ്റിപ്പോകാതിരിക്കാനാണ് ഈ മുൻകരുതൽ. വിത്തുതേങ്ങ സാധാരണ പോലെ പാകാം. ആറുമാസത്തിനു ശേഷവും മുളയ്ക്കാത്ത വിത്തു തേങ്ങകളെ ഒഴിവാക്കേണ്ടതാണ്.

## സങ്കര തെങ്ങിൻ തൈകൾ തുടർ പരിപാലനം

സങ്കരയിനം തൈകൾ 7.5 മീറ്റർ അകലത്തിൽ, ഒരു മീറ്റർ വീതം നീളവും വീതിയും ആഴവുമുള്ള കുഴികളിൽ നടാം. ഓരോ കുഴിയിലും 60 സെ.മീറ്റർ ഉയരത്തിൽ മേൽമണ്ണ് നിറച്ചശേഷം, മധ്യഭാഗത്തായി ഒരു ചെറുകുഴി എടുത്ത് മണലും വേപ്പിൻപിണ്ണാക്കും തുല്യഅളവിൽ കലർത്തിയ മിശ്രിതം (500 ഗ്രാം) ചേർത്ത് തൈകൾ നടാം.

സങ്കരതെങ്ങുകൾക്ക് നനയില്ലാത്ത സാഹചര്യങ്ങളിൽ വർഷം തോറും ഒരു കിലോ യൂറിയ, 1.5 കിലോ റോക്ക് ഫോസ്ഫേറ്റ്, 2 കിലോ മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നീ രാസവളങ്ങളാണ് ശുപാർശ ചെയ്യുന്നത്. നനയ്ക്കുന്ന തെങ്ങുകൾക്ക് 2 കിലോ യൂറിയ, 2.5 കിലോ റോക്ക് ഫോസ്ഫേറ്റ്, 3.5 കിലോ മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നീ അളവിൽ ഓരോ വർഷവും വളം നൽകണം. മൂന്നുമാസം മുതൽ ഒരു വർഷം വരെയുള്ള തൈകൾക്ക് ശുപാർശ ചെയ്തിട്ടുള്ള വളത്തിന്റെ പത്തിലൊന്ന് ഒറ്റത്തവണയായി സെപ്റ്റംബർ-ഒക്ടോബർ മാസം ചേർക്കാം. ഒരു വർഷം പ്രായമായ തൈകൾക്ക് ഈ അളവിന്റെ മൂന്നിലൊന്ന് ഭാഗവും രണ്ടുവർഷം പ്രായമായവയ്ക്ക് മൂന്നിൽ രണ്ടു ഭാഗവും നൽകാം. ഇതു രണ്ടു തവണയായി മെയ്-ജൂൺ, സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ ചേർക്കണം. മൂന്നാം വർഷം മുതൽ തൈകൾക്ക് മുഴുവൻ വളവും മേൽപ്പറഞ്ഞ രീതിയിൽ നൽകാം. ജലസേചന സൗകര്യമുള്ള കൃഷിയിടങ്ങളിൽ, പ്രായോഗികമായി സാമ്പത്തിക നഷ്ടം വരാത്തവിധം മൂന്നോ നാലോ തവണയായി വളം ചേർക്കുന്നത് ഗുണം ചെയ്യും. മൂന്നു വർഷം മുതൽ തെങ്ങൊന്നിന് ഓരോ കിലോ വീതം കുമ്മായം ഏപ്രിൽ മെയ് മാസം നൽകണം. തെങ്ങൊന്നിന് 500 ഗ്രാം എന്ന തോതിൽ മഗ്നീഷ്യം സൽഫേറ്റും ചേർക്കാം. ◂

### നല്ല തൈകളുടെ ലക്ഷണം

*നേരത്തെ മുളച്ച് നന്നായി വളരുന്ന തൈകൾ വേണം തെരഞ്ഞെടുക്കാൻ. ഒൻപതുമാസം പ്രായമുള്ള തൈകൾക്ക് നാലില കളെങ്കിലും ഉണ്ടായിരിക്കുന്നതാണ് നല്ലത്. 10 മുതൽ 12 മാസം വരെയുള്ള തൈകൾക്ക് 6 മുതൽ 8 വരെ ഇലകൾ ഉണ്ടായിരിക്കുന്നതാണ് ഉത്തമം.*




### 'കേരശ്രീ'യും 'കേരസങ്കര'യും

*തിരുവനന്തപുരത്തെ ബാലരാമപുരം നാളികേര ഗവേഷണ കേന്ദ്രത്തിൽ ടി X ഡി സങ്കരയിനങ്ങൾ ഉത്പാദിപ്പിക്കുന്നുണ്ട്. കേരശ്രീ, കേരസങ്കര എന്നിവയുടെ തൈകൾ ഇവിടെ 100 രൂപാ നിരക്കിൽ ലഭ്യമാണ്.*

*പശ്ചിമതീര നെടിയ (WCT) തെങ്ങിനങ്ങളിൽ ചാവക്കാട് ഓറഞ്ച് കുറിയ ഇനത്തിന്റെ പൂമ്പൊടി ഉപയോഗിച്ച് പരാഗണം നടത്തി ഉത്പാദിപ്പിക്കുന്ന 'കേരസങ്കര' എന്ന തെങ്ങിൻ തൈകൾക്കാണ് കർഷകരുടെയിടയിൽ കൂടുതൽ പ്രിയം. മലയൻ മഞ്ഞ കുറിയ ഇനത്തെ പിതൃവൃക്ഷമായി നെടിയ തെങ്ങുകളുമായി സങ്കരണം നടത്തി ഉണ്ടാക്കുന്ന 'കേരശ്രീ' ക്കും ആവശ്യക്കാർ ഏറെ. ഇവ ടി X ഡി ഇനങ്ങളാണ്.*

*ബന്ധപ്പെടേണ്ട വിലാസം:*

*പ്രൊഫസർ ആന്റ് ഹെഡ്,*
*നാളികേര ഗവേഷണ കേന്ദ്രം*
*കട്ടച്ചൽക്കുഴി, പിഒ, ബാലരാമപുരം*
*തിരുവനന്തപുരം 695501*
*ഫോൺ: 0471-2400621*

ബാലരാമപുരം നാളികേര ഗവേഷണ കേന്ദ്രത്തിൽ ഗവേഷകരാണ് ലേഖകർ
ഫോൺ: 9447817037